

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**13 December 2019**
**16 Rabi’ul Aakhir 1441 AH**

# GHIBBAT… SOME HADITHS (PART 9)

## ഗീയ്ബത്ത് … പ്രവാചക വചനങ്ങളിലൂടെ (ഭാഗം9)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ഗീയ്ബത്ത് പ്രവാചക വചനങ്ങളിലൂടെ (ഭാഗം9)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

കഴിഞ്ഞ ആഴ്ച എന്റെ തന്നെ അനുഭവ സാക്ഷ്യത്തിലൂടെ ചിലത് ഞാൻ പറയുകയുണ്ടായി. അതുപോലെ തന്നെ നിഷ്ക്കളകരായവർ ആരാണെന്നും അവരുടെ മാതൃക എങ്ങനെ ആയിരിക്കും എന്നും പരാമർശിക്കുകയുണ്ടായി. തങ്ങളുടെ സഹോദരന്റെ ഐശ്വര്യത്തിൽ അവർ സന്തോഷിക്കുകയും അവരും അപ്രകാരം ആയിതീരാൻ പരിശ്രമിക്കുന്നവരും ആയിരിക്കുമെന്നും അത് അസൂയകൊണ്ടായിരിക്കില്ല എന്നും പറയുകയുണ്ടായി. അബൂഹുറൈറ(റ) റിപ്പോർട്ട് ചെയ്ത **കിതാബുൽ അദബിൽ** രേഖപ്പെടുത്തിയ ബുഖാരിയിലും മുസ്ലിമിലുമുള്ള നബികരീം(സ)യുടെ ഒരു ഹദീസ സംബന്ധമായും പ്രതിപാദിക്കുകയുണ്ടായി.

അതുകൊണ്ട് ഒരു വ്യക്തിയ്ക്ക് ഈ സംതൃപ്തി ഉണ്ടെങ്കിൽ അഥവാ ഈ സംതൃപ്തി നിങ്ങൾക്കുണ്ടെങ്കിൽ അപ്പോൾ നിങ്ങൾ അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുമ്പോൾ, ഈ സന്തോഷത്തിൽ നിന്നും നിങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതാണ്. ഇവിടെ പരാമർശിതമായ നേട്ടം നിങ്ങൾ മറ്റുള്ളവരുമായി, നല്ല പ്രവർത്തനങ്ങളിൽ മത്സരിച്ച്, നേടേണ്ടതാണ്. ഈ അതിയായ ആഗ്രഹം അഥവാ ഇഛയുടെ ഫലമായി, അതു നിങ്ങൾ സൃഷ്ടിക്കേണ്ടതാണ്, എന്നിട്ട് നിങ്ങൾ ഒരാളിൽ കണ്ടെത്തിയ ഈ നല്ല ഗുണം, ഈ നല്ല പ്രവർത്തിയിലൂടെ നിങ്ങൾ മത്സരിച്ച് മുന്നേറേണ്ടതാണ്. ഈ മത്സരം തടയപ്പെട്ടിട്ടുള്ള

തല്ല. എന്നാൽ അസൂയ എന്നു പറയുന്നത്, അതുകൊണ്ട് അർത്ഥമാക്കുന്നത് ഒരാളിന്റെ നല്ല പ്രവർത്തനങ്ങളെ മാറ്റി പകരം അവിടെ തിന്മ സ്ഥാപിക്കുവാനാണ്. നല്ല പ്രവർത്തനങ്ങൾക്ക് പകരം മോശപ്രവർത്തനങ്ങളാക്കി മാറ്റലാണത്. മനുഷ്യ പ്രകൃതി മോശമായതാണ് എന്ന് എങ്ങും പരാമർശിച്ചിട്ടില്ല, ഒരിക്കലുമില്ല. കാരണം പ്രസ്തുത സൃഷ്ടിപ്പ് അല്ലാഹുവിന്റേതാണ്. മനുഷ്യൻ അവന്റെ പ്രകൃതിയെ ശരിയായ നിലയിൽ ഉപയോഗിക്കുകയാണെങ്കിൽ, ഉയർന്നു വരുന്ന സാഹചര്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കുകയാണെങ്കിൽ ഇതിനാണ് നാം പേരുപറയുന്നത്, സമുന്നതമായ ഗുണഗണങ്ങൾ, അഭിനന്ദനീയമായ സ്വഭാവവൈശിഷ്ട്യങ്ങൾ, നല്ല പ്രവർത്തനങ്ങൾ എന്ന്! അപ്പോൾ ഒരു മനുഷ്യന് മുന്നോട്ടു കുതിക്കുവാനുള്ള ഇഛ ഉണ്ടായിരിക്കണം. പക്ഷെ ഇത് കരസ്ഥമാക്കേണ്ടത് നല്ല പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടായിരിക്കണം. (നന്മയിലുള്ള മത്സരം) പക്ഷെ നിങ്ങൾ നല്ല ഗുണങ്ങൾക്കു പകരം ചീത്തഗുണങ്ങൾ തെരഞ്ഞെടുക്കരുത്. (ഒരുവന്റെ നല്ല പ്രവർത്തനങ്ങൾ മോശ പ്രവർത്തനമായി ചിത്രീകരിക്കരുത്) അഥവാ നിങ്ങൾ ഒരുവന്റെ ന്യൂനത തേടി നടക്കരുത്. ഒരു പക്ഷെ അവനിൽ അതു ഉണ്ടായിരിക്കുകപോലുമില്ല, ഇനി നിങ്ങൾ ഒരുവനിൽ കണ്ട ദൗർബല്യം, അത് നിങ്ങൾ എല്ലായിടത്തും വ്യാപിപ്പിക്കുന്നു. നിങ്ങൾ ഈ കാര്യങ്ങളൊക്കെ ചെയ്യുമ്പോൾ, നിങ്ങൾ ഇതൊക്കെ ചെയ്യുന്നത്, അസൂയ കൊണ്ടാണ്, എന്നാൽ വിശുദ്ധഖുർആൻ ഇതു ചെയ്യുവാൻ നിങ്ങൾക്ക് അശേഷം അനുവാദം നല്കുന്നില്ല എന്ന് അറിഞ്ഞിരിക്കുക.

ശത്രുത വളർത്തരുത് എന്ന് പറയപ്പെട്ടിരിക്കുന്നു. ഞാനിപ്പോൾ തുറന്നു പറഞ്ഞതുപോലെ, ചില കഠിനവിദ്വേഷം മൂലം നിങ്ങളിൽ അസൂയ ഉണ്ടാകുന്നു. അതിനെ വികസിപ്പിക്കുന്നു. എന്നാൽ ഇത് തീർത്തും നിങ്ങളുടെ ശത്രുതയിൽ നിന്നുമാണ് ഈ വിദ്വേഷം, അസൂയ ഉണ്ടായി വരുന്നത്. പ്രസ്തുത സമയത്ത് ഒരു സഹോദരൻ മറ്റൊരു സഹോദരന്റെ സഹോദരനല്ലാതായി മാറുന്നു. ഒരുവൻ അവനെ സഹോദരാ എന്ന് വിളിച്ചാലും !കാരണം അവന്റെ ഹൃദയത്തിൽ പ്രസ്തുത സ്നേഹമില്ല. ഒരുവന് തന്റെ ഹൃദയത്തിൽ ഉണ്ടായിരിക്കേണ്ട സ്നേഹം അവൻ കാത്തുസൂക്ഷിക്കുന്നില്ല. അവന്റെ ഹൃദയത്തിന്റെ ആഴങ്ങളിൽ ഒരളവിൽ കഠിന വിദ്വേഷം കിടക്കുകയാണ്. അതുകൊണ്ട് ഞാൻ ചൂണ്ടിക്കാണിക്കുവാൻ

ആഗ്രഹിക്കുന്നത്, ശത്രുതയും വിദ്വേഷവും അസൂയയും അല്പം പോലും ഉണ്ടാകാതിരിക്കട്ടെ. കാരണം മാനവ മനഃശാസ്ത്രത്തിൽ ഹസ്രത് മുഹമ്മദ് മുസ്തഫ (സ)യേക്കാളും വിദഗ്ധനായ മറ്റൊരാളും ഉണ്ടായിട്ടില്ല. ഈ കാര്യത്തിൽ അതിവിദഗ്ധൻമാർ മുമ്പു ഉണ്ടായി ട്ടില്ല. ഇനി ഒട്ടു ഉണ്ടാകുന്നതുമല്ല. ഖാത്തമുന്നബിയ്യീൻ എന്ന പദവി പരിഗണിക്കുമ്പോൾ അത് അങ്ങനെതന്നെയാണ്. അദ്ദേഹം നല്കിയ വളരെ ചെറിയ ഉപദേശങ്ങൾ ഒരുവൻ പരിശോധനാ വിധേ യമാക്കിയാൽ അവൻ അത്ഭുതപരതന്ത്രനായി പോകും. മനഃ ശാസ്ത്ര വിഷയത്തിൽ അത് എത്ര മാത്രം ആഴമേറിയതാണെന്ന് മാനവ മനഃശാസ്ത്രത്തിന് വളരെയധികം വിശദീകരണങ്ങൾ നല്കേണ്ട പോയിന്റുകൾ അതിൽ അടങ്ങി കിടക്കുന്നു. ഈ പോയിന്റുകളാണ് ഹസ്രത് മുഹമ്മദ് മുസ്തഫ (സ) വിശദീകരിക്കു വാൻ ആഗ്രഹിച്ചത്, ഇവയൊക്കെയും നാം നല്ലതുപോലെ മന സ്സിലാക്കേണ്ട പാഠങ്ങൾ തന്നെയാണ്. അല്ലാഹുവിന്റെ സേവകന്മാർ എന്ന നിലയിൽ, അല്ലാഹു (ത) കല്പിച്ചതുപോലെ, നമ്മൾ സഹോ ദരന്മാരായി ജീവിക്കേണ്ടത് അത്യാവശ്യാമാണ്. എന്നിട്ട് വീണ്ടും പറയപ്പെട്ടു മുസ്ലിംകൾ സഹോദരന്മാരാണ്, ഒരാൾ മറ്റൊരാളോട് ഒരു അനീതിയും ചെയ്യുവാൻ പാടില്ല, തങ്ങളുടെ മുസ്ലിം സഹോ ദരന് ഒരു ഉപദ്രവവും വരുത്തുവാൻ പാടില്ല. എന്നാൽ ഇന്ന് നാം എന്താണ് കാണുന്നത്?

നാമിന്നു കാണുന്നത് പ്രസ്തുത സഹോദരന്മാർ, സഹോദര ന്മാർക്ക് പ്രയാസങ്ങൾ വരുത്തി വെയ്ക്കുന്നു. അവരുടെ തന്നെ സഹോദരന്മരോട് അനീതി പ്രവർത്തിക്കുന്നു. പലപ്പോഴും സ്വന്തം സഹോദരൻ സ്വന്തം സഹോദരനോട് അനീതിയായി പെരുമാറു ന്നതു കാണുന്നു. അവന്റെ ധനത്തിന്റെ നിയന്ത്രണം ഏറ്റെടുക്കു ന്നു. അല്ലാഹു(ത) കല്പിച്ച പ്രകാരം അവർ ഓഹരി ചെയ്യുന്നില്ല. അവന്റെ ജോലിയിൽ ഒരുമേൽ കൈഉണ്ടാവുകയാണെങ്കിൽ, അവന്റെ സഹോദരനെ സഹായിക്കുവാൻ അവൻ ഒന്നും ചെയ്യു ന്നില്ല, അവന് അവിടെ ഒരു ജോലി കൊടുക്കുവാൻ തയ്യാറാകുന്നി ല്ല. (അത് ഭൗതിക ജോലി ആയാലും ശരി ആത്മീയ ജോലി ആയാലും ശരി) അവൻ അവനെ ആക്ഷേപിക്കുന്നു, ചെറുതാക്കുന്നു, അതിൻ ഫലമായി ബന്ധങ്ങളെല്ലാം തകർന്നടിയുന്നു. തമ്മിൽ ഒരു ഐക്യവും ഇല്ലാതാകുന്നു. ഇസ്ലാമിലൂടെ നമുക്ക് പുരോഗതി നേടുവാനുള്ള ഒരു ഏകതയും നമ്മിലില്ല. ദൗർഭാഗ്യമെന്നല്ലാതെ മറ്റെന്തു പറയു

വാനാണ്. ഇസ്ലാമിൽ ഉണ്ടായിരുന്ന ഈ ഐക്യം, ഏകത അതിനെ ഇസ്ലാമിൽ നിന്നും എടുത്തു മാറ്റിയിരിക്കുന്നു. എന്നിട്ട് നാം ഇസ്ലാമിലാണെന്ന് പറയുകയും ചെയ്യുന്നു.

ഈ ഐക്യമില്ലായ്മ, മോശം ഫലങ്ങൾ കൊണ്ടുവന്നിരിക്കുന്നു. അതെല്ലാവർക്കും ദോഷത്തിന് കാരണമായി തീരുകയും ചെയ്തിരിക്കുന്നു. ഞാനിത് പൊതുവായി അപഗ്രഥനം നടത്തുകയുണ്ടായി. ഇസ്ലാം മതത്തിൽ മൊത്തത്തിലും, ജമാഅത്ത് നിലയിലും! എവിടെയൊക്കെ അസൂയ, ശത്രുത, ഐക്യമില്ലായ്മ, ഇവ ദൃഷ്ടാന്തമായിട്ടുണ്ടായിട്ടുണ്ടോ എവിടെയൊക്കെ ഭിന്നതകൾ ഉടലെടുത്തുവോ, അവിടെയൊക്കെ പുരോഗതി നിലച്ചുപോയിട്ടുണ്ട്. അധഃപതനത്തിന് ആരംഭമിടുകയും ചെയ്തിരിക്കുന്നു. അവർക്കറിയില്ല. അവരെ സ്വയം നിയന്ത്രിക്കേണ്ടതെങ്ങനെയെന്ന്!

അതുകൊണ്ടാണ് ഞാൻ ആകരുത് എന്ന് ആഗ്രഹിക്കുന്നത്, അതായത് നാം ജമാഅത്തുസ്സഹീഹിൽ ഇസ്ലാം-ഇതുപോലെ ആയിതീരരുത്. അങ്ങനെ ആയാൽ എല്ലാ അനിസ്ലാമിക സംഗതികളും ഇതിൽ കടന്നുകൂടും. ഒരിക്കലും അങ്ങനെ ആകരുത്. എന്റെ എല്ലാ അനുചരന്മാരും സഹോദരന്മാരായി കഴിയേണ്ടതാണ്. അതുകൊണ്ടാണ് ഞാൻ വളരെയധികം വേദന സഹിക്കുന്നത്. (ഞാൻ വളരെ ദൂരം സഞ്ചരിക്കുന്നത്) ഈ കാര്യങ്ങൾ നിങ്ങളുടെ മുൻപാകെ വിശദീകരിക്കുന്നതിനായി, ഖുത്തുബകളുടെ ഒരു ശൃംഖലതന്നെ ഞാൻ നിങ്ങളുടെ മുൻപാകെ സമർപ്പിക്കുന്നത്. അത്തരം ഒരു ഖുത്തുബ നിർവ്വഹണത്തിനു ശേഷവും, ആ ഉപദേശങ്ങളൊക്കെ, ജമാഅത്തിൽ നിന്നും ആവിയായി പുറത്തുപോയിരിക്കുന്നു എന്നറിയുമ്പോൾ, അത് എന്നെ വളരെയധികം സങ്കടത്തിലാക്കുന്നു. ഞാൻ വളരെയധികം ത്യാഗങ്ങൾ സഹിക്കാം. എന്തുകൊണ്ടെന്നാൽ അല്ലാഹു(ത) നമുക്ക് വളരെയധികം അനുഗ്രഹങ്ങൾ ചെയ്തിരിക്കുന്നു. അല്ലാഹു(ത) നമ്മെ ഈ നൂറ്റാണ്ടിൽ വളരെയധികം ഉയർത്തിയിരിക്കുന്നു. അവന്റെ ദൈവീക അധ്യാപനങ്ങളെ നവീകരിക്കുന്നതിനായി ഇനി ഈ കാര്യങ്ങൾ (തിന്മകൾ) നിലനില്ക്കുകയാണെങ്കിൽ നമുക്കെങ്ങനെയാണ് ഈ ദൈവീക അധ്യാപനങ്ങൾ മറ്റുള്ളവരിലേക്ക് എത്തിക്കുവാൻ കഴിയുക? നമ്മിൽ ഇത്തരം ദുർഗുണങ്ങൾ നിലനില്ക്കുന്നുവെങ്കിൽ, നമുക്കിടയിൽ ശക്തി നിലനില്ക്കുന്നില്ലെങ്കിൽ, വഴക്കുംവക്കാണവും നടന്നുകൊണ്ടിരിക്കുകയാണെങ്കിൽ, മറ്റാളുകളെ പോലെ പോരാട്ടം നില

നില്ക്കുകയാണെങ്കിൽ അപ്പോൾ നമുക്കും അവർക്കുമിടയിൽ എന്തു വ്യത്യാസമാണുള്ളത്?

ചിലപ്പോൾ, ബാലിശമായ ചില കാരണങ്ങളാൽ, കുടുംബങ്ങൾ അകന്നു പോകാം. സഹോദരന്മാർ സഹോദരിമാരിൽ നിന്നും അകന്നു പോകാം. എന്റെ തന്നെ ഉദാഹരണം നോക്കൂ! എങ്ങനെയാണ് എന്റെ സഹോദരന്മാരും സഹോദരിമാരും എന്നിൽ നിന്നും അകന്നു പോയത്? മുൻപ് ഞങ്ങളെല്ലാവരും വളരെ സ്നേഹത്തിലും സൗഹാർദ്ദത്തിലുമായിരുന്നു. പരസ്പരധാരണയിലുമായിരുന്നു കഴിഞ്ഞുകൂടിയിരുന്നത്; ജീവിച്ചിരുന്നത്. എല്ലാ കാര്യങ്ങളും മതവുമായി ബന്ധപ്പെട്ടുള്ളതായിരുന്നു. അവർ അക്കാര്യത്തിൽ എന്നോട് ഉപദേശം ചോദിച്ചിരുന്നു. എല്ലാ കുടുംബപരവും ആത്മീയവുമായ പരിപാടികളിൽ, ദർസ്ൽഖുർആൻ ആയാലും, ദുആ ആയാലും, സദഖ കൊടക്കുന്ന കാര്യം ആയാലും അവർ എന്നോട് ഉപദേശം ചോദിക്കുമായിരുന്നു. ഇന്ന് എന്താണ് സംഭവിച്ചിരിക്കുന്നത്? അവരെല്ലാവരും എന്നിൽ നിന്നും അകന്നു പോയിരിക്കുന്നു. അത്തരം ഒരകലച്ച നിസ്സഹകരണത്തിൽ എത്തിചേർന്നിരിക്കുന്നു. കുടുംബപരമായ ഒരു പരിപാടിയിലും അവരെന്നെ ക്ഷണിക്കാതെയായി. എന്റെ മക്കളെപോലെ ഞാനുമായി ബന്ധപ്പെട്ടിരുന്ന എന്റെ സഹോദരന്റെയും സഹോദരിയുടെയും മകളുടെ വിവാഹത്തിനും, മകന്റെ വിവാഹത്തിനു പോലും ഞാൻ ക്ഷണിക്കപ്പെടാതെയായി. ഞാനെന്തു ചെയ്തു? ഞാൻ ആരിൽ നിന്നും ഒന്നും മോഷ്ടിച്ചിട്ടില്ല. അവരുടെ ധനം ഞാൻ കവർന്നിട്ടില്ല; അവരുടെ അവകാശങ്ങൾ ഞാൻ എടുത്തിട്ടില്ല, ഞാൻ ആരുമായി വഴക്കുകൂടിയിട്ടില്ല. ഒരേ ഒരു കാര്യം മാത്രം എനിക്ക് ദൈവീക വെളിപാടുകൾ ഇറങ്ങികൊണ്ടിരിക്കുന്നു. അപ്പോഴത്തെ ഖലീഫത്തുൽ മസീഹ് (2000-2001) അദ്ദേഹത്തിന്റെ മുൻ അമീറിന്റെ തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്റെ മേൽ നടപടികൾ എടുത്തു. അങ്ങനെ എന്നെ നിസാമെ ജമാഅത്തിൽ നിന്നും പുറത്താക്കപ്പെട്ടു. ജമാഅത്തിൽ ഞാനൊരു തെറ്റും ചെയ്തതിന്റെ പേരിലല്ല എന്റെ മേൽ അവർ നടപടി സ്വീകരിച്ചത്. അല്ലെങ്കിൽ ഞാനൊരു നിരീശ്വരവാദിയാണ് എന്ന് സ്വയം പ്രഖ്യാപിച്ചതിന്റെ പേരിലുമല്ല നടപടികൾ സ്വീകരിച്ചത്. ഒരേ ഒരു കാരണം മാത്രമായിരുന്നു അല്ലാഹു(ത) എന്നെ തെരഞ്ഞെടുത്തു. അവൻ എനിക്ക് വെളിപാടുകൾ തന്നു. (തന്നുകൊണ്ടിരിക്കുന്നു) അത്ര

മാത്രം

അഹ്മദിയ്യാ ജമാഅത്തിന്റെ (മുഖ്യധാര) തലപ്പത്ത് ഒരു ഖലീഫ യുണ്ട്. ഹസ്രത് മുഹമ്മദ് മുസ്തഫ (സ) യുടെ അധ്യാപനത്തിൽ നിന്നും അദ്ദേഹം എന്താണ് മനസ്സിലാക്കായിരിക്കുന്നത്? അഹ്മദി കൾ അദ്ദേഹത്തെ പരിഗണിക്കുന്നത് ദൈവീകമായി മാർഗ്ഗദർശനം നല്കപ്പെട്ട ആൾ എന്ന നിലയിലാണ്. എന്നാൽ സാഹചര്യങ്ങളുടെ /യാഥാർത്ഥ്യത്തിലേക്ക് നോക്കുകയാണെങ്കിൽ, സംഭവിച്ചത്, തുടർന്നും സംഭവിക്കുന്നതുമായ ഒരു കാര്യമുണ്ട്. അല്ലാഹുവി ന്റെയും അവന്റെ റസൂൽ കരീം(സ)യുടെയും അധ്യാപനങ്ങളെ അവർ ചവിട്ടിമെതിക്കുകയായിരുന്നു. നിങ്ങൾ മനസ്സിലാക്കുക, ഇതെല്ലാം ആരംഭിച്ചത് അസൂയ കൊണ്ടും അഹംഭാവം കൊണ്ടുമാണ്. ഹസ്രത് ആദം(അ)ന്റെ കാലത്ത് സംഭവിച്ചതുപോലെ ഇബ്‌ലീസ് അവിടെ പ്രകടമാക്കിയത് (അനാരോഗ്യകരമായ) അസൂ യയായിരുന്നു, ഹസ്രത് ആദം(അ)ന് വേണ്ടി അവൻ ഒരുക്കിയത് അതായിരുന്നു. അതിൻഫലമായി അവൻ മുന്നേറുകയും അല്ലാഹു( ത) യോട് അംഹഭാവത്തോടെ പെരുമാറുകയും ചെയ്തു.

ആയതിനാൽ, ഇതിനെല്ലാം തിരികൊളുത്തിയത് അസൂയ മാത്രമാണ്. ഇന്ന് ജമാഅത്ത് അഹ്മദിയ്യായെ അത് എവിടെ കൊണ്ടെത്തിച്ചിരിക്കുന്നു എന്ന് നോക്കുക. അസൂയാലുക്കളുംചതി യന്മാരുമായ ആളുകൾ ഇതിനെ എവിടേക്കാണ് വലിച്ചുകൊണ്ട് പോയത്! അതായത് മണ്ണിലേക്കവർ വലിച്ചെറിഞ്ഞു. ഇപ്പോൾ പ്രസ്തുത ജമാഅത്ത് ഉണങ്ങിമെലിഞ്ഞതായി തീർന്നു. ആളു കൾക്ക് കാൻസർ പിടിക്കുമ്പോൾ ആയിതീരുന്നതുപോലെ! എപ്പോ ഴാണോ ഒരു ജമാഅത്ത് ശക്തവും ഐക്യതയും ഉണ്ടാകുന്നത്, അപ്പോൾ അതിന്റെ തലപ്പത്തുള്ളവർ ശത്രുതയും അസൂയയും ഉള്ള വരായിരിക്കില്ല. ആത്മീയ രോഗവും ബാധിച്ചിട്ടുള്ളവരായിരിക്കില്ല. അപ്പോൾ പ്രസ്തുത ജമാഅത്ത് അഭിവൃദ്ധിപ്പെടുന്നതാണ്.

ആത്മീയ രോഗത്തിന്റെ ഒരു ഉദാഹരണം നമുക്ക് ഇങ്ങനെ വിവരിക്കാം. ഒരാൾക്ക് പ്രമേഹമുണ്ടെന്നു കരുതുക. അപ്പോൾ അയാൾ അത് വേണ്ട വിധം നിയന്ത്രിക്കുന്നില്ലെങ്കിൽ, അപ്പോൾ പ്രമേഹം അവനെ അതിജയിക്കും. ഇത് അവന്റെ ആരോഗ്യ ത്തിൻമേൽ വളരെയധികം കുഴപ്പങ്ങൾ സൃഷ്ടിക്കും. ഇതുപോലെ ഒരാൾ അസൂയാലു ആണെന്നിരിക്കട്ടെ, ഈ അസൂയ അവനിൽ

പലകുഴപ്പങ്ങളും സൃഷ്ടിക്കുന്നതാണ്. വെറുപ്പ് വളർന്നു വികാസം പ്രാപിക്കും, ഗീബത്ത് പിന്തുടരും, കുഴപ്പങ്ങൾ ഉണ്ടാക്കും, തന്റെ സഹോദരന്റെ മാംസം ഭക്ഷിക്കാൻ തുടങ്ങും. ഇരയുടെ മേൽ മറ്റുള്ളവരും ശത്രുത വെച്ച് പുലർത്തും, അസൂയാലു ലക്ഷ്യം വെച്ചത് അതാണ്. അത് അവൻ നേടുകതന്നെ ചെയ്യും. ആയതിനാൽ പരിശുദ്ധപ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)പറഞ്ഞതുപോലെ അസൂയയെ കരുതിയിരിക്കുക. അത് നല്ല പ്രവർത്തിയെ തിന്നു കളയുന്നു. "തടിയെ തീ തിന്നുന്നതുപോലെ, അഥവാ പുല്ലിനെ തീ തിന്നുന്നതുപോലെ."

ആയതിനാൽ, ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ് എന്ന നിലയിൽ എന്റെ പ്രിയ അനുചരന്മാർക്കുള്ള സന്ദേശമിതാണ്, ജമാഅത്തിന്റെ തലപ്പത്തുള്ളവർ, ഉത്തരവാദപ്പെട്ടവർ ആരംഭിക്കട്ടെ (അതായത് ഔദ്യോഗിക ഭാരവാഹികൾ) നിങ്ങൾ ഒരുമിക്കുക, നിങ്ങൾ ചേർന്നു നില്ക്കുക നിങ്ങൾ അല്ലാഹുവിന്റെ വഴിയിലെ സഹോദരന്മാരാണ്. അങ്ങനെ നമ്മളെ കാണാനാണ് ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ആഗ്രഹിക്കുന്നത്. ഇതൊരു യാഥാർത്ഥ്യമായി മാറുമ്പോൾ! നോക്കികാണുക! എനിക്ക് വളരെയധികം ഉറപ്പുണ്ട് എല്ലായിടത്തും അതിമഹത്തായ ആത്മീയ വിപ്ലവം ഉണ്ടാകുന്നതാണ്. എവിടെയെല്ലാം ജമാഅത്തുസ്സഹീഹിൽ ഇസ്ലാം സ്ഥാപിതമായയോ, ഈ ദൈവീക ദൃഷ്ടാന്തത്തിൽ നിന്നും നിങ്ങളെ പിന്തിരിപ്പിക്കുവാൻ മുല്ലാക്കൾ എത്ര കഠിനശ്രമം നടത്തിയാലും, അല്ലാഹുവിന്റെ ഈ വിനീത ദാസനിലുള്ള വിശ്വാസത്തെ അടിയറ വെയ്ക്കുവാൻ കിണഞ്ഞു ശ്രമിച്ചാലും, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ഉപേക്ഷിക്കുവാൻ വേണ്ടി പ്രവർത്തിച്ചാലും. അവരുടെ പദ്ധതിയിൽ അവർ വിജയിക്കുകയില്ല. അവരുടെ സാത്താനിക പദ്ധതി പരാജയപ്പെടുക തന്നെ ചെയ്യുന്നതാണ്. അവർക്ക് എല്ലാ നിലയിലുള്ള യുദ്ധ കൗശലങ്ങളും പ്രയോഗിക്കാവുന്നതാണ്. കൊലവിളി നടത്താവുന്നതാണ്, എന്നിരുന്നാലും അവരുടെ ദുഷ്ടപദ്ധതികൾ വിജയം കാണുന്നതല്ല. അതിന്റെ കാരണം നിങ്ങൾക്ക് അല്ലാഹുവിനോടും അവന്റെ ദീനിനോടുള്ള സ്നേഹം മൂലമാണ്; അവന്റെ ജമാഅത്തിനോടുള്ള സ്നേഹം കൊണ്ടാണ്; അവന്റെ സേവകൻ നല്ല ഉറപ്പുള്ളവനാണ്; ദൃഢമാനസനുമാണ്, ഈ സ്നേഹത്തെ പിഴുതെറിയുവാൻ അവർ വളരെയധികം പ്രയാസങ്ങളെ അഭിമുഖീകരിച്ചു പ്രവർത്തിച്ചവരാണ്. എന്നാൽ അവരുടെ ആ പദ്ധതിയിൽ അവർക്കു വിജയിക്കുവാൻ കഴിഞ്ഞില്ല.

ഭൂമിയിൽ ആഴത്തിൽ വേരുകളില്ലാത്ത ഏതാനം സസ്യങ്ങൾ, അവ, ഭൂമിക്ക് മുകളിൽ ദൃശ്യമാകുന്നു, എന്നാൽ അത് പിഴുതുകളയുവാൻ എളുപ്പമാണ്. (അതായത് അവർ ദുർബല വിശ്വാസികളാണ്)

ഞാൻ ഇതുകൊണ്ട് അർത്ഥമാക്കുന്നത്, ആരുടെ വിശ്വാസമാണോ വളരെ ദുർബലമായിട്ടുള്ളത്, അവരുടെ വിശ്വാസം പൂജ്യമാണ് എന്ന് പറയരുത്. ആരാണോ ഈ മുല്ലാക്കളുമായി കൈകോർത്തു നില്ക്കുന്നത്, ആ സമയത്ത് അവർ വലിയ പ്രഖ്യാപനങ്ങളൊക്കെ നടത്തുന്നതാണ്, ഫെയ്സ് ബുക്കിലൊക്കെ അവരുടെ മുഖം പ്രദർശിപ്പിക്കുന്നതാണ് (അതായത് സോഷ്യൽ മീഡിയായിൽ) പ്രഖ്യാപിക്കുന്നതിനു വേണ്ടി ഞാൻ/ ഞങ്ങൾ ഈ ദൈവീക ദൃഷ്ടാന്തം ഉപേക്ഷിച്ചിരിക്കുന്നു. ഞാൻ/ ഞങ്ങൾ ഈ ജമാഅത്തിനോട് വിടപറഞ്ഞിരിക്കുന്നു. ഇപ്പോൾ ഞാൻ/ഞങ്ങൾ വളരെ നല്ലനിലയിലാണ്. ജനങ്ങൾ വളരെ നല്ല നിലയിലണ് ഞങ്ങളോട് പെരുമാറുന്നത്. ഈ എല്ലാ സംരക്ഷണവും തത്ക്കാലത്തേക്ക് മാത്രമുള്ളതാണ്. എല്ലാവിവരങ്ങളും നിങ്ങളിൽ നിന്ന് ചോർത്തിയ ശേഷം (അല്ലാഹുവിന്റെ ജമാഅത്ത് സംബന്ധമായി) നിങ്ങളെ അവർ നിങ്ങളുടെ വിധിക്ക് വിടുന്നതാണ്. അവരുടെ ലക്ഷ്യം ഇത്രമാത്രം ആയിരുന്നു. നിങ്ങളെ ഇതിൽ നിന്നും നീക്കം ചെയ്യുക. എന്നാൽ ദൗർഭാഗ്യവശാൽ, നിങ്ങൾ സ്വയം അവരാൽ ആകൃഷ്ടരാകപ്പെടുക മൂലം നിങ്ങൾക്ക് അല്ലാഹുവിന്റെ സ്നേഹം നഷ്ടമായിരിക്കുകയാണ്. നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും നഷ്ടമാവുകയും ചെയ്തു.

മറുവശം നോക്കൂ! ആർക്കാണോ ദൃഢവിശ്വാസമുള്ളത്, അവർ സ്വയം പ്രേരിതരായി തീരുന്നതല്ല, അവർ ഭയപ്പെടുന്നതുമല്ല, എന്തുതന്നെ വന്നാലും, അവർ ഒരൊറ്റ ശരീരംപോലെയാണ്, അവർ അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുന്നവരാണ്. ഭിന്നതയില്ല; ശത്രുതയില്ല; അസൂയയില്ല. അവർ ആത്മീയ സഹോദരന്മാർ എന്ന നിലയിൽ ഒന്നായി ചേർന്നവരാണ്; ആത്മീയ പിതാവിൻ നേതൃത്വത്തിൻ കീഴിൽ! ഒരു വീട്ടിൽ, ഇപ്രകാരം സംഭവിക്കാവുന്നതാണ്. ഒരു കുടുംബത്തിൽ അഥവാ ഒരു ജമാഅത്തിൽ, ഇതുപോലെ ഉണ്ടാകാം. ചിലപ്പോൾ അവിടെ തർക്കങ്ങൾ ഉണ്ടാകാം-തർക്കത്തിൽ പങ്കാളിയായവർ ഓരോ അംഗവും ചിലപ്പോൾ പറയാം ഞാൻ പറഞ്ഞതാണ് ശരി, മറ്റേ ആൾ പറഞ്ഞത് തെറ്റാണ്.

ആയതിനാൽ, ഞാൻ, ഞാൻ തന്നെ പറയുകയാണ്,

ആരാണോ സത്യത്തിലുള്ളത്, (ജീവിത സാഹചര്യങ്ങൾക്കനുസൃതമായി) ആരാണോ ശരിയായ പാതയിലുള്ളത്, നിങ്ങൾ ശരിയായ പാതയിലാണെങ്കിലും, നിങ്ങൾ തെറ്റായ പാതയിലാണ് എന്നതുപോലെ പ്രവർത്തിക്കുക. മറ്റേ ആൾ പറയുന്നതാണ് ശരി എന്ന് പറയുക (തർക്കങ്ങൾ ഇല്ലാതാക്കുന്നതിനായി ഫലം ചെയ്യുന്ന ഒരു ഔഷധമാണിത്. നിങ്ങൾക്ക് യഥാർത്ഥത്തിൽ ദൈവീകദൃഷ്ടാന്തത്തിനോട് സ്നേഹമുണ്ടെങ്കിൽ, അല്ലാഹു(ത)യോട് സ്നേഹമുണ്ടെങ്കിൽ, അല്ലാഹു തെരഞ്ഞെടുത്ത ദാസനോട് സ്നേഹമുണ്ടെങ്കിൽ, പരാജയം സമ്മതിക്കുക. (നിങ്ങൾക്കാണ് തെറ്റ് പറ്റിയതെന്ന് സമ്മതിക്കുക) അതിലൂടെ സമാധാനം പുലരുന്നതാണ്. ഇൻശാ അല്ലാഹ്! അല്ലാഹു(ത) അവൻ തന്നെ സമാധാനത്തിന്റെ പാത തുറക്കുന്നതാണ്. നിങ്ങൾ എവിടെ ആയിരുന്നാലും ശരി! നിങ്ങൾ അതു കാണുകതന്നെ ചെയ്യും. നിങ്ങളുടെ ജീവിതം നിങ്ങൾ സമാധാനത്തിൽ ജീവിക്കുന്നതുമാണ്.

ഇപ്പോൾ, സമയക്കുറവുകൊണ്ട്, അടുത്ത ഖുത്തുബയിലും ഈ വിഷയം തുടരുന്നതാണ്. ഇൻശാ അല്ലാഹ്. വളരെ പ്രധാനപ്പെട്ട ഈ വിഷയം ഗ്രഹിക്കുവാൻ അല്ലാഹു(ത) നിങ്ങളെ സഹായിക്കുകയും അനുഗ്രഹിക്കുകയും ചെയ്യട്ടെ! ഈ വിഷയം നമ്മുടെ ജീവിതവുമായി വളരെ ബന്ധമുള്ളതാണ്. ഒരു നല്ല കുടുംബ ജീവിതവുമായി ബന്ധമുള്ളതാണ്. ഭൗതികവും ആത്മീയവുമായ ഒരു നല്ല സമുദായത്തിന് ഇത് അത്യന്താപേക്ഷിതമാണ്. ഇൻശാ അല്ലാഹ്! ആമീൻ.



*Translated & Issued By :*
***Mukarram R. Jamaludin Raother***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***